കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്

e-mail: dopkd.ksad@kerala.gov.in

Phone - 04912520145

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2018-19**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി10/946/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: 15.10.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയലിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി10/946/2020 തിയ്യതി:15.10.2020

## പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28.01.2019 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6-7-2020 മുതൽ 27-07-2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സദാനന്ദൻ.പി.ജി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അരവിന്ദാക്ഷൻ. കെ വി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>(13-07-2020 മുതൽ 27-07-20 വരെ) |
| ശ്രീ.ഷർഫുദ്ദീൻ.എസ്. എച്ച് | അസിസ്റ്റൻന്റ് ഓഡിറ്റ് ഓഫീസർ<br>(13-07-2020 മുതൽ 27-07-20 വരെ) |
| ശ്രീ.രാമകൃഷ്ണൻ.കെ പി | അസിസ്റ്റൻന്റ് ഓഡിറ്റ് ഓഫീസർ<br>(13-07-2020 മുതൽ 27-07-20 വരെ) |
| ശ്രീമതി . സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജിജീഷ്. എ.കെ | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. അനിതാ പോൾസൺ | 1-4-2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. പി.എം. സക്കീർ ഹുസൈൻ | 1-4-2018 മുതൽ<br>22.06.2018 വരെ |
| | ശ്രീമതി. എസ്.വി. സുധാദേവി | 23.06.2018 മുതൽ<br>29.07.2018 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ശ്രീ.ജി.ഹരിദാസ്, അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്ജ്) | 30.07.2018 മുതൽ 10.08.2018 വരെ |
| | ശ്രീമതി. എസ്.വി സുധാദേവി | 11.08.2018 മുതൽ 29.01.2019 വരെ |
| | ശ്രീമതി. ആർ. ഷീന, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 30.01.2019 മുതൽ 31.03.2019വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അനൂപ്.കെ.എം | 1.04.2018 മുതൽ 25.06.2018വരെ |
| | ശ്രീമതി. ജ്യോതിസ്സ്.എസ് | 26.06.2018 മുതൽ 02.1.2019 വരെ |
| | ശ്രീ.ദിലീപ് വർമ്മ.എം | 03.01.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജി. ഹരിദാസ് | 01.04.2018 മുതൽ 8.10.2018 വരെ |
| | ശ്രീമതി. ആർ. ഷീന | 9.10.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ സർക്കിൾ I | ശ്രീ. ഫാജിഷ് വഹാബ്.എ | 1-4-2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ സർക്കിൾ II | ശ്രീ.പ്രമോദ്.ആർ | 1-4-2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മുബഷീറ.എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. സി.ശ്രീകല | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം | ശ്രീ ജോളി ആന്റോ | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ.ഹക്കീം. പി.എച്ച്, (സീനിയർ അസിസ്റ്റന്റ്) | 01.06.2018 മുതൽ 24.06.2018 വരെ |
| | ശ്രീമതി.അംബിക.കെ | 25.06.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഫാത്തിമുത്തു സുഹ്റാബീവി | 01.04.2018 മുതൽ 3103.2019 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി. ഗ്രേസ്.എ.തച്ചിൽ | 01.04.2018 മുതൽ 11.07.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി. ശ്യാമ.എം.എ | 12.07.2018 മുതൽ<br>26.07.2018FN വരെ |
| | ശ്രീമതി. പ്രിയ പി.ബി | 26.07.2018AN മുതൽ<br>13.09.2018 വരെ |
| | ശ്രീ.ജയപ്രകാശ്. സി.സി | 14.09.2018 മുതൽ<br>31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.കവിത. പി.ആർ | 01.04.2018 മുതൽ<br>06.02.2019 |
| | ശ്രീമതി.റാണി.ആർ.ഉണ്ണിത്താൻ | 07.02.2019 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. ലത | 01.04.2018 മുതൽ<br>31.03.2019 വരെ |

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്.</u>

## 1-1 ബജറ്റ്

27.03.2018 ലെ 2(2) നം തീരുമാനം പ്രകാരം അംഗീകരിച്ചു. 27.02.2019 ലെ 1(1) തീരുമാനം പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പ്രതീക്ഷിത വരവ് 321877061 രൂപയും പ്രതീക്ഷിത ചെലവ് 317335360 രൂപയും നീക്കിയിരിപ്പ് 4541701 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31.07.2019 | 15.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 6992483 |
| വരവ് | 144392437 |
| ആകെ | 151384920 |
| ചെലവ് | 133989900 |
| [illegible] | |

| | |
|---|---|
| നീക്കിയിരിപ്പ് | 17395020 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 21396850 | 21396850 | 21260607 | 136243 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 12651000 | 12651000 | 12502354 | 148646 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 63000 | 63000 | 0 | 63000 |
| മെയിന്റനൻസ്, റോഡ് | | 0 | 18080000 | 18080000 | 18080000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4956000 | 4956000 | 4954075 | 1925 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 9962000 | 9962000 | 7688973 | 227302 |
| ബി.ഫണ്ട് | | 0 | 472560 | 472560 | 472560 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 30934737 | 30934737 | 30934737 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2508 | 439836 | 442344 | 434299 | 8045 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ഐ.സി.ഡി.എസ് | 834810 | 887151 | 1721961 | 879395 | 842566 |
| | PYCKA | 141634 | 5023 | 146657 | 0 | 146657 |
| | NMBS | 88274 | 649 | 87625 | 0 | 87625 |
| | TSC | 2276 | 88 | 2364 | 0 | 2364 |
| | IWDP | 94254 | 3823 | 98077 | 118 | 97959 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി+ എം.എൻ ലക്ഷം വീട് | 3200000 | 25000 (വിമുക്തി) | 3225000 | 14900 (വിമുക്തി) | 3210100 |
| | ശുചിത്വ മിഷൻ | 42750 | 2892258 | 2935008 | 1907829 | 1027179 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (*) | ബ്ലോക്ക് പഞ്ചായത്ത് | 1682671 | 4745977 | 6428648 | 3811004 | 2617644 |
| | ജില്ലാ പഞ്ചായത്ത് | 17635 | 3186489 | 3206489 | 2646200 | 557924 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട്, ജി.പി.ജി& മറ്റുള്ളവ | (-)770121 | 21216765* | 20446644 | 18778491 | 1668153 |
| | ബാങ്ക് (SBT) | 7609665 | 29749033 | 37358698 | 25016248 | 12342450 |

(*) സംയുക്ത പ്രോജക്ടുകൾക്കായി ആകെ ലഭ്യമായതും വിനിയോഗിച്ചതുമായ തുകകളുടെ വിവരമാണ് ചേർത്തിരിക്കുന്നത്. ഇത് ജോയിന്റ് വെൻച്വർ ട്രഷറി അക്കൗണ്ട് പ്രകാരമുള്ള തുകകളിൽ നിന്നും വ്യത്യാസപ്പെട്ടിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി അടങ്കൽ | നടപ്പാക്കിയ | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാത്ത | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ലഭിച്ചത് (എണ്ണം) | | ത് (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | വ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
| 217 | 179475989 | 177 | 102844104 | - | 40 | 81% |

ഐ.കെ.എം പത്രിക പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 9033084 | 7709254 | 85.34 |
| വെറ്ററിനറി സർജൻ | 5 | 5 | 1850000 | 906935 | 49.02 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്,സി) | 2 | 2 | 650000 | 543912 | 83.67 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 5 | 5 | 1990000 | 1933685 | 97.17 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 250000 | 250000 | 100 |
| പ്രധാനാധ്യാപകൻ | 7 | 7 | 3356420 | 3193998 | 95.16% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 8 | 86124523 | 32410000 | 37.63 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 3931000 | 3445040 | 87.63 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 804000 | 804000 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 138 | 109 | 52083312 | 37909640 | 72.7 |
| സെക്രട്ടറി | 26 | 18 | 12672650 | 8215362 | 64.8 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 6731000 | 5522278 | 82 |
| ആകെ | 217 | 177 | 179475989 | 102844104 | 57 |

# 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 352560 | 215 |
| കർഷകതൊഴിലാളി പെൻഷൻ | 11666600 | 955 |
| വിധവാപെൻഷൻ | 17903000 | 1397 |
| വാർദ്ധക്യകാലപെൻഷൻ | 26963100 | 1971 |
| വികലാംഗപെൻഷൻ | 4374900 | 319 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |
| അവിവാഹിത പെൻഷൻ | 1288400 | 98 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.07.2020 2.15 പി.എം ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 25357രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.202-22.06.2020 | 01.03.2020 മുതൽ<br>31.05.2020 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.01.2006 മുതൽ 14.02.2006 വരെ | 1997-98 മുതൽ 2004-05 വരെ | 31.03.2006 |

# 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്ന് കാണുന്നു. പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന 39 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തുനികുതി പിരിവിലും വസ്തു നികുതി കണക്കാക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നു. വസ്തുനികുതി, വാട്ടർ ചാർജ് എന്നിവയിൽ വലിയ തുകയാണ് കുടിശ്ശികയായി നിലനിൽക്കുന്നത്.

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക കണക്കുകളിൽ ഓഡിറ്റ് സാക്ഷ്യപത്രത്തിൽ സൂചിപ്പിക്കാത്ത മറ്റ് അപാകതകളില്ല.

# 1-11 തൊഴിൽ നികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2018-19 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ച വരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും വരുമാന പത്രിക ലഭ്യമാക്കി നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | 2018-19 ഡി&ഒ രജിസ്റ്ററിലെ ക്രമ നം | വാർഡ്/ കെട്ടിട നം. | അർദ്ധ വർഷം |
|---|---|---|---|---|---|
| 1 | ശ്രീ ശാസ്താ മാച്ച് | 13 | 3 | 16/22 | 2018- |

| | | | | | |
|---|---|---|---|---|---|
| | ഫാക്ടറി | | | | 19,<br>(1) (2) |
| 2 | ശാസ്താ മാച്ച് ഇൻഡസ്ട്രീസ് | 12 | 4 | 16/189 | 2018-19,<br>(1) (2) |
| 3 | രവി മെഡിക്കൽസ് | 6 | 34 | 12/1010 | 2018-19,<br>(1) (2) |
| 4 | സ്പേഗ ടെക്നോളജീസ്(പ്രൈ) ലിമിറ്റഡ് | 15 | 123 | 12/1706-1710 | 2018-19,<br>(1) (2) |
| 5 | വി വി ആർ സ്റ്റേഷണറി | 7 | 151 | 14/678 | 2018-19,<br>(1) (2) |
| 6 | ഹോട്ടൽ ആര്യാസ് | 12 | 167 | 15/743 | 2018-19,<br>(1) (2) |
| 7 | എസ് എസ് എം എന്റർപ്രൈസസ് | 6 | 183 | 5/636-637 | 2018-19,<br>(1) (2) |
| 8 | യൂണിവേഴ്സൽ സ്റ്റീൽ സെന്റർ | 8 | 189 | 12/1444 | 2018-19,<br>(1) (2) |
| 9 | യൂണിവേഴ്സൽ ഇൻഡസ്ട്രീസ് | 6 | 190 | 12/1442 | 2018-19,<br>(1) (2) |
| 10 | എം എസ് മോട്ടേഴ്സ് | 15 | 199 | 10/57 | 2018-19,<br>(1) (2) |
| 11 | ജയഭാരത് മോഡേൺ റൈസ് മിൽ | 20 | 224 | 12/480 | 2018-19,<br>(1) (2) |
| 12 | സെന്റ് ജോസഫ് മാച്ച് ഇൻഡസ്ട്രീസ് | 12 | 254 | 17/477 | 2018-19,<br>(1) (2) |
| 13 | ക്യൂൺസ് റെസ്റ്റോറന്റ് | 8 | 257 | 15/850 | 2018-19,<br>(1) (2) |
| 14 | കൈരളി സർജിക്കൽസ് | 8 | 275 | 10/353 | 2018-19,<br>(1) (2) |
| 15 | ചീരൻസ് ഓട്ടോ ഏജൻസീസ് | 5 | 384 | 9/7 | 2018-19,<br>(1) (2) |
| 16 | അപ്സര ജ്വല്ലറി | 4 | 327 | 15/774 | 2018-19, |

| | | | | | |
|---|---|---|---|---|---|
| | | | | | (1) (2) |
| 17 | ഗ്രാന്റ് ഹ്യൂണ്ടായ് ഷോ റൂം | 5 | 328 | 12/1835-1839 | 2018-19, (1) (2) |
| 18 | ശ്രീ വേൽ മുരുകൻ മാച്ച് ഇൻഡസ്ട്രീസ് | 19 | 332 | 4/394 | 2018-19, (1) (2) |
| 19 | ഐശ്വര്യ ഗോൾഡ് സൂപ്പർ മാർക്കറ്റ് | 8 | 347 | 11/1161-1164 | 2018-19, (1) (2) |
| 20 | ഗ്രാന്റ് പമ്പ് ഹൗസ് ഇലക്ട്രിക്കൽസ് | 5 | 357 | - | 2018-19, (1) (2) |
| 21 | വിഷ്ണു ഡിജിറ്റൽ സൈൻ | 6 | 386 | 14/1296 | 2018-19, (1) (2) |
| 22 | ലക്ഷ്മി ഫ്യൂവൽസ് | 7 | 387 | 15/440 | 2018-19, (1) (2) |
| 23 | കാക്കശ്ശേരി സ്റ്റോഴ്സ് | 6 | 398 | 14/1131-1132 | 2018-19, (1) (2) |
| 24 | SBBM ആര്യഭവൻ | 7 | - | - | 2018-19, (1) (2) |
| 25 | അരവിന്ദം ഫുഡ് പ്രോഡക്റ്റ്സ് | 10 | 441 | | 2018-19, (1) (2) |
| 26 | ആര്യ നാച്ചുറൽ റബ്ബേഴ്സ് | 8 | 466 | 6/387 | 2018-19, (1) (2) |
| 27 | മാർജിൻ ഫ്രീ മാർക്കറ്റ് | 6 | 496 | 12/829 | 2018-19, (1) (2) |
| 28 | പ്രിയ മെഡിക്കൽസ് | 5 | 535 | 12/791 | 2018-19, (1) (2) |
| 29 | അക്ഷയ മോട്ടേഴ്സ് | 6 | 541 | 15/333 | 2018-19, (1) (2) |
| 30 | ബോബൻ പ്ലാസ ഗ്രീൻ പാർക്ക് | 5 | 542 | 19/614 | 2018-19, (1) (2) |
| 31 | ശ്രീദേവി മാച്ച് ഇൻഡസ്ട്രീസ് | 10 | 558 | 9/521 | 2018-19, (1) (2) |

| | | | | | |
|---|---|---|---|---|---|
| 32 | മഹിമ മോട്ടേഴ്സ് | 6 | 595 | 15/727 | 2018-19,<br>(1) (2) |
| 33 | CVM ഫാബ്രിക്സ് | 6 | 631 | 14/830 | 2018-19,<br>(1) (2) |
| 34 | ലക്ഷ്മി ഫുഡ് വേൾഡ് | 6 | 640 | 14/1331-32 | 2018-19,<br>(1) (2) |
| 35 | ഹോട്ടൽ ടോൾഗേറ്റ് | 10 | 666 | 19/748 | 2018-19,<br>(1) (2) |
| 36 | ശിവ റാം മാച്ച് ഇൻഡസ്ട്രീസ് | 14 | 713 | 9/543 | 2018-19,<br>(1) (2) |
| 37 | കിങ്ങ്സ് ബീർ& വൈൻ പാർലർ | - | 256 | 15/851 | 2018-19,<br>(1) (2) |
| 38 | ശ്രീ നാരായണ ഗ്യാസ് ഏജൻസി | - | 450 | 12/100-105 | 2018-19,<br>(1) (2) |
| 39 | ബീന സലാം ക്വാറി | - | 630 | - | 2018-19,<br>(1) (2) |

ബി)സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നുള്ള സ്ഥാപന തൊഴിൽ നികുതിയും ക്ഷീര സഹകരണ സംഘങ്ങൾ, തിയേറ്ററുകൾ എന്നിവയിലെ ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ തൊഴിൽ നികുതിയും സ്ഥാപനനികുതിയും ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

സി) തൊഴിൽനികുതി കുറവായി ഈടാക്കി

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | പേര് (തസ്തിക) | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കാ വുന്നത് | ഈടാ ക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | പ്രീ-മെട്രിക് ഹോസ്റ്റൽ | താഹിറ (കുക്ക്) | 2018-19 (1 ) | 126700 | 1250 | 1000 | 250 |
| 2 | പോസ്റ്റ് ഓഫീസ്, വടക്കഞ്ചേരി MBR | രേഷ്മ.ജി (GDSMC) | 2018-19 (1 ) | 77040 | 750 | 600 | 150 |
| 3 | പൂരം ഫിനാൻഷ്യേഴ്സ് | 1.സബിത മുജീബ് (സീനി. ബ്രാഞ്ച് മാനേജർ) | 2018-19 (1 ) | 120000 | 1000 | 900 | 100 |
| | | 2.ശുഭ.കെ (അസി.ബ്രാഞ്ച് മാനേജർ) | 2018-19 (1 ) | 78000 | 750 | 720 | 30 |
| 4 | പൂരം ചിറ്റ്സ്(പ്രൈ) ലിമി | 1.ബിന്ദു കിഷോർ ലാൽ(ബ്രാഞ്ച് മാനേജർ) | 2018-19 (1) | 72000 | 600 | 300 | 300 |
| | | 2.ജയലക്ഷ്മി.ആർ (ബ്രാഞ്ച് ക്ലർക്ക്) | 2018-19 (1) | 69000 | 600 | 450 | 150 |
| | | 3.സുജിത്ത് കുമാർ(ബ്രാഞ്ച് അസി) | 2018-19 (1) | 60000 | 600 | 450 | 150 |
| 5 | മാബെൻ നിധി ലിമി | 1.ബിജു.ജി(ജൂനി. അസി.) | 2018-19 (2) | 61926 | 600 | 300 | 300 |
| | | 2.പ്രശോഭ്.പി(ജൂനി.അസി) | 2018-19 (2) | 71556 | 600 | 450 | 150 |
| 6 | പ്രീ-മെട്രിക് ഹോസ്റ്റൽ | താഹിറ(കുക്ക്) | 2018-19 (2 ) | 126700 | 1250 | 1000 | 250 |
| ആകെ കുറവ് | | | | | | | 1830 |

കുറവായി ഈടാക്കിയ തുക മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം (3/17.7.202)-ന് മറുപടിയായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.
2. തൊഴിൽ നികുതി റിട്ടേണുകളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്.

# 1-12 റേഷൻ കടകളെ ലൈസൻസ് പരിധിയിൽ

# കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.1.19 ലെ (സി.എസ് ) എ9-764/19 സർക്കുലറിൽ റേഷൻകടകളെ തൊഴിൽനികുതി, ലൈസൻസ് ഫീ എന്നിവയിൽ നിന്നും ഒഴിവാക്കാനാവുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ 2018-19 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. റേഷൻ കടകളുടെ വിവരങ്ങൾ ശേഖരിച്ച് ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത പരിഹരിക്കേണ്ടതാണ്

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 60/- രൂപയും 100 ച.മീ കുറവുള്ള കെട്ടിടങ്ങൾക്ക് 50/- രൂപയുമാണ് അടിസ്ഥാന വസ്തുനികുതി. 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി 100 ച.മീ കുറവുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു. ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തീ (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 50 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|
| 1 | ദേവദാസ്, ചുങ്കത്തൊടി വീട്, കൊന്നഞ്ചേരി, ആയക്കാട് | 3/562 | 135 | അടിസ്ഥാനനികുതി-135*50=6750<br>ഇളവ്-2025(30%)<br>ആകെ-4725<br>ലൈബ്രറി സെസ്-237<br>ആകെ-4962 | അടിസ്ഥാനനികുതി-135*60=8100<br>ഇളവ്-2430(30%)<br>ആകെ- 5670<br>ലൈബ്രറി സെസ്-284<br>ആകെ-5954 | 992 |
| 2 | ബെന്നി മാത്യു<br>ഒട്ടുവേലിൽ വീട്<br>മഞ്ഞപ്ര | 9/583 | 138.46 | അടിസ്ഥാനനികുതി-138.46*50=6923<br>വർദ്ധനവ്- 1385(20%)<br>ആകെ- 8308<br>ലൈബ്രറി സെസ്- 416<br>ആകെ-8724 | അടിസ്ഥാനനികുതി-138.46*60=8308<br>വർദ്ധനവ്-1662(20%)<br>ആകെ- 9970<br>ലൈബ്രറി സെസ്-499<br>ആകെ- 10469 | 1745 |
| 3 | ഹക്കീം, ഷാജി, പ്ലാക്കൽ വീട്, നൈനാൻകാട്, കിഴക്കഞ്ചേരി | 9/618 | 193.73 | അടിസ്ഥാനനികുതി-193.73*50=9687<br>വർദ്ധനവ്- 1937(20%)<br>ആകെ- 11624<br>ലൈബ്രറി സെസ്- 582<br>ആകെ- 12206 | അടിസ്ഥാനനികുതി-193.73*60= 11624<br>വർദ്ധനവ്-2325(20%)<br>ആകെ- 13949<br>ലൈബ്രറി സെസ്-698<br>ആകെ- 14647 | 2441 |
| 4 | ആമിനമ്മ, മംഗലം പാലം, വടക്കഞ്ചേരി | 9/726 | 114.32 | അടിസ്ഥാനനികുതി-114.32*50= 5716<br>വർദ്ധനവ്- 1144(20%)<br>ആകെ- 6860<br>ലൈബ്രറി സെസ്- 343<br>ആകെ- 7203 | അടിസ്ഥാനനികുതി-114.32*60= 6860<br>വർദ്ധനവ്- 1372(20%)<br>ആകെ- 8232<br>ലൈബ്രറി സെസ്-412<br>ആകെ- 8644 | 1441 |

| | | | | | | |
|---|---|---|---|---|---|---|
| 5 | സി.ജേക്കബ് മുതൽ പേർ, വട്ടച്ചേറിൽ, തേനിടുക്ക് | 19/748 | 226.8 | അടിസ്ഥാനനികുതി- 226.8*50= 11340<br>വർദ്ധനവ്- 2268(20%)<br>ഇളവ്- 1134(10%)<br>ആകെ- 12474<br>ലൈബ്രറി സെസ്- 624<br>ആകെ- 13098 | അടിസ്ഥാനനികുതി-226.8*60= 13608<br>വർദ്ധനവ്- 2720(20%)<br>ഇളവ്- 1360(10%)<br>ആകെ- 14969<br>ലൈബ്രറി സെസ്- 749<br>ആകെ- 15718 | 2620 |
| | | | | ആകെ കുറവ് | | 9239 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കേണ്ടതും സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
2. വസ്തുനികുതി ഇനത്തിൽ നഷ്ടം വന്ന തുക ഭരണതല നടപടികളിലൂടെ കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 1-14 നികുതി പിരിവ് കാര്യക്ഷമമാകേണ്ടതാണ്

2018-19 സാമ്പത്തിക വർഷം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ വരവിനങ്ങളിലുള്ള കുടിശ്ശിക തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള ഊർജ്ജിതമായ ശ്രമം നടത്തേണ്ടതുമാണ്.

| ക്രമ നം | ഇനം | കുടിശ്ശിക തുക |
|---|---|---|
| 1 | വസ്തുനികുതി തൻവർഷം | 578162 |
| | വസ്തുനികുതി കുടിശ്ശിക | 313861 |
| | ആകെ | 892023 |
| 2 | വാട്ടർ ചാർജ്ജ് തൻവർഷം | 1105800 |
| | വാട്ടർ ചാർജ്ജ് കുടിശ്ശിക | 30027 |
| | ആകെ | 1135827 |
| 3 | വാടക കുടിശ്ശിക | 378072 |

# 1-15 ദുരിതാശ്വാസ നിധിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സന്ദർഭങ്ങളിൽ ധനസഹായമെത്തിക്കുന്നതിനു വേണ്ടി ഓരോ ഗ്രാമപഞ്ചായത്തിലും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് സർക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ധനശേഖരണാർത്ഥമുള്ള കലാകായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി ആരംഭിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒരു അക്കൗണ്ട് സൂക്ഷിച്ചുപോരേണ്ടതാണ്. വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്.

# 1-16 കുടിവെള്ള പദ്ധതികളുടെ മോട്ടോർ ഷെഡ്ഡിന് അധിക നിരക്ക് അനുവദിച്ചു

2018-19-ൽ നടപ്പാക്കിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ മോട്ടോർ ഷെഡ്ഡിന് അനുവദനീയമായതിനേക്കാൾ കൂടുതൽ തുക നൽകിയതായി കാണുന്നു. മോട്ടോർ ഷെഡ്ഡ് നിർമ്മാണത്തിന് വാട്ടർ അതോറിറ്റിയുടെ നിരക്കാണ് നിരിക്ഷണ ഡാറ്റയായി ഗ്രാമപഞ്ചായത്ത് ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരം 1.5m x 1.5m വലുപ്പമുള്ള ഷെഡ്ഡിന് 30000 രൂപയും 2m x 2m വലുപ്പമുള്ള ഷെഡ്ഡിന് 35000 രൂപയുമാണ് അനുവദനീയമായ നിരക്ക്. എന്നാൽ 2m x 2m വലുപ്പമുള്ള ഷെഡ്ഡ് നിർമ്മിച്ചു എന്ന് എം ബുക്കിൽ രേഖപ്പെടുത്തുകയും 35000 രൂപ അനുവദിക്കുകയും ചെയ്ത 4 കുടിവെള്ള പദ്ധതികൾ 22.7.2020-ൽ ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 1.5m x 1.5m വലുപ്പമുള്ള ഷെഡ്ഡ് മാത്രമേ നിർമ്മിച്ചിട്ടുള്ളൂ എന്ന് ബോധ്യപ്പെട്ടു. ഇപ്രകാരം 20000 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

# 1-17 പ്രവൃത്തി പൂർത്തീകരിക്കുന്നത്

# ദീർഘിപ്പിച്ചതിന് കരാറുകാരനിൽ നിന്നും കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ട് കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്ക ശേഷമാണ് പൂർത്തിയാക്കിയത്.

പ്രോജക്ട് നമ്പർ - 169/19

പ്രവൃത്തിയുടെ പേർ - പള്ളിക്കാട് ഗ്രൗണ്ട് റോഡ് പുനരുദ്ധാരണം

അടങ്കൽ - 500000/- (ധനകാര്യ കമ്മീഷൻ അവാർഡ്)
പി.എ.സി- 494587

എഗ്രിമെന്റ് നമ്പർ - 15/17-18 തീയതി 20.10.2017

ചെലവ് - ട്രഷറി ബിൽ നമ്പർ 77/19.3.2019 തുക 494587/-, PAC – 494587/-

കരാറുകാരന്റെ പേര് - നൈസാം വി.എം.

എം.ബി.നമ്പർ - 15/2017-18

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.(പി)13/2012/PWD/01.02.2012 പ്രകാരം പുതുക്കിയത്) സെക്ഷൻ 2112-1 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ആദ്യ തവണത്തെ പിഴ (ആദ്യത്തെ 3 മാസത്തേക്ക്) PAC-യുടെ 1% ആണ്. അതനുസരിച്ച് പൂർത്തീകരണ കാലാവധി 2 മാസം വൈകിയതിന് 494587 X 1% = 4946 / 3 x 2 = 3297 രൂപ പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ 1000 രൂപ മാത്രമാണ് ഈയിനത്തിൽ ഈടാക്കിയത്. പരാമർശം ഭാഗം 3 ൽ ഖണ്ഡിക 3-2 ആയി വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-18 വിവിധ നിർമ്മാണപ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള അനുമതി ലഭ്യമാക്കുകയോ പിഴ ഈടാക്കുകയോ ചെയ്യുന്നില്ല

പൂർത്തീകരിക്കാൻ വൈകുന്ന മരാമത്ത് പ്രവൃത്തികൾക്ക് നിയമാനുസൃതമായ പിഴ ഈടാക്കുകയോ അല്ലെങ്കിൽ പ്രവൃത്തി പൂർത്തിയക്കുന്നതിനുള്ള കാലാവധി നീട്ടി നൽകുകയോ ചെയ്യുന്നില്ല എന്ന് കാണുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ - 215/19 വടക്കഞ്ചേരി ഗ്രാമം തിരുവറ ചീരക്കുഴി റോഡ് പുനരുദ്ധാരണം

കരാറുകാരന്റെ പേര് - ജോസ്.കെ.എം.

അടങ്കൽ - 3,75,000/- (മെയിന്റനൻസ് ഫണ്ട് - റോഡ്)

ചെലവ് - 3,30,899/- (ട്രഷറി ബിൽ നമ്പർ 87/26.3.2019)

എഗ്രിമെന്റ് നമ്പർ 57/18-19/AE/LSGD/VDY തീയതി 03.09.2018

മുകളിൽ പറഞ്ഞ പ്രവൃത്തിക്ക വേണ്ടി തയ്യാറാക്കിയ എഗ്രിമെന്റ് പ്രകാരം 03.09.2018 മുതൽ 150 ദിവസത്തിനകം, അതായത് 30.01.2019-നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 47 ദിവസം വൈകി 18.3.2019-ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്.

2. പ്രോജക്ട് നമ്പർ 138/19 – ചേരുങ്കോട് കോളനി കുടിവെള്ള ടാങ്ക് നിർമ്മാണം

കരാറുകാരൻ - പി.ഗംഗാധരൻ

ചെലവ് - 747559/- (ട്രഷറി ബിൽ നമ്പർ 8/22.5.2018)

കരാർ വച്ച തീയതി - 31.3.2017

എഗ്രിമെന്റ് നമ്പർ 105/2016-17 തീയതി 31.3.2017

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 26.3.2018

ആകെ വൈകിയ കാലം - 360 ദിവസം

പ്രവൃത്തി പൂർത്തീകരണ തീയതി നിയമാനുസൃതം നീട്ടിക്കിട്ടുന്നതിന് മേൽ പറഞ്ഞ രണ്ടു കരാറുകാരും അപേക്ഷ നൽകിയതായി കാണുന്നില്ല. നിശ്ചിത തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് യാതൊരു കാരണവും ഫയലിൽ രേഖപ്പെടുത്തിക്കാണുന്നില്ല. കരാറുകാരിൽ നിന്നും പിഴയിനത്തിൽ യാതൊരു തുകയും ഈടാക്കിയിട്ടില്ല.

കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.(പി)13/2012/പി.ഡബ്ളിയു.ഡി/01.02.2012 പ്രകാരം പുതുക്കിയത്) സെക്ഷൻ 2112-1 പ്രകാരം കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ് എന്നും പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം എന്നും പറയുന്നു. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ എ.ഇ. മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണെന്നും അതിന് തുക നൽകാവുന്നതല്ല എന്നും ടി മാന്വലിൽ പറയുന്നു.

മുകളിൽ പറഞ്ഞ പ്രകാരമുള്ള അപാകതയ്ക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണം നമ്പർ 3/15.7.2020 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി വിവിധ കാരണങ്ങൾ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള നിശ്ചിത കാലാവധിയ്ക്കകം പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ന്യായമായ കാരണങ്ങളാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകുന്നത് എങ്കിൽ കരാറുകാരനിൽ നിന്നും അപേക്ഷ വാങ്ങി നിയമാനുസൃതം കാലാവധി നീട്ടി നൽകേണ്ടതാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി വൈകുന്ന സംഗതികളിൽ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

# 1-19 വിവിധ റോഡ് പണികൾ - കരാറുകാരിൽ നിന്നും കാലി ടാർ ബാരലിന്റെ വില ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന റോഡ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും പ്രവൃത്തിക്ക് ഉപയോഗിച്ച ടാറിന്റെ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിവിധ കരാറുകാരിൽ നിന്നായി ആകെ 33,420 രൂപ ഈടാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 5/18.7.2020) മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതാണ് എന്ന് അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തുക ഈടാക്കി ഏത് ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത്, അതേ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-3 ൽ ചേർത്തിട്ടുണ്ട്.

# 1-20 അംഗീകൃത തസ്തികകളിൽ സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 2018-19 സാമ്പത്തിക വർഷത്തിലെ അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഫുൾ ടൈം സ്വീപ്പർമാരുടെ 8 തസ്തികകളിൽ 4 തസ്തികയും,1 ലൈബ്രേറിയൻ തസ്തികയും ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിച്ചതിൽ ടൗൺ സാനിറ്റേഷൻ & സ്വീപ്പിംഗ് വർക്കർമാരായി 5 പേർക്ക് 400 രൂപ വീതം ദിവസ വേതനം നൽകുന്നുണ്ട്. പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പി.എസ്.സി എന്നിവിടങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും അംഗീകൃത തസ്തികകളിൽ സ്ഥിരം നിയമനം നടത്താതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ വെക്കുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക്(നം.12/22.07.2020) മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ മുടങ്ങാതിരിക്കാനാണ് ദിവസ വേതനത്തിൽ പ്രതിഫലം നൽകി ജീവനക്കാരെ വെച്ചിട്ടുള്ളതെന്നും ഒഴിവുകൾ പി എസ് സിയിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 സാമൂഹ്യ ക്ഷേമ പെൻഷൻ -രജിസ്റ്ററുകൾ അപൂർണ്ണമാണ്

സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല. പെൻഷൻ അപേക്ഷകളിന്മേൽ പരിശോധന നടത്തുന്നതിന് ഏത് അന്വേഷണ ഉദ്യോഗസ്ഥനാണ് നൽകിയത്, തിരികെ ലഭിച്ച തിയതി, നിരസിച്ച അപേക്ഷകൾ, പെൻഷൻ അംഗീകരിച്ച തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററുകളിൽ ഓരോ വർഷവും ലഭിച്ച അപേക്ഷകളുടെ സംഗ്രഹം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/23.07.2020) രജിസ്റ്ററുകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും സമയബന്ധിതമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-22 കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ മെയിന്റനൻസ് -മെയിന്റനൻസ് ഗ്രാന്റിനു പകരം തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്റ്റ് | 26/18-19 കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ മെയിന്റനൻസ് |
| അടങ്കൽ | 1000000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 562236 |
| നിർവ്വഹണം | സെക്രട്ടറി |
| വൗച്ചർ നം | 1) 21801258/29.01.19- 308767<br>2) 21801498/20.03.19- 253469<br>ആകെ 562236 |
| കരാറുകാരൻ | കെ ഉദയകുമാർ, സുമ ഇലക്ട്രിക്കൽസ് |

2018-19 വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ മെയിന്റനൻസ് എന്ന പ്രൊജക്റ്റിന് മെയിന്റനൻസ് ഗ്രാന്റിൽനിന്നും 1000000 രൂപ അടങ്കൽ ആയി വകയിരുത്തിയിരുന്നു. ഐ കെ എം സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത പ്രൊജക്റ്റിൽ ചെലവ് ഒന്നും ഇല്ല. വൗച്ചർ പരിശോധനയിൽ 562236 രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കണ്ടു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.01.2019 ലെ 10-ാം നമ്പർ തീരുമാന പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ ആവശ്യത്തിന് തുക ഇല്ലാത്തതിനാൽ കരാറുകാരന് തുക തനതു ഫണ്ടിൽ നിന്നും നൽകുന്നതിനും ആവശ്യമായ ഫണ്ട് സർക്കാരിൽ നിന്നും ആവശ്യപ്പെടുന്നതിനും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റ് ഭേദഗതി ചെയ്ത് വകയിരുത്തിയ തുക തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും പ്രസ്തുത തുക പിൻവലിച്ച് തനതു ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കാതെ

തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/21.07.2020) കരാറുകാരൻ ബിൽ നൽകിയപ്പോൾ മെയിന്റനൻസ് ഗ്രാന്റിൽ മതിയായ തുക നീക്കിയിരുപ്പ് ഉണ്ടായിരുന്നില്ലെന്നും, പദ്ധതി ഭേദഗതി ചെയ്ത് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള മതിയായ സമയം ഇല്ലാത്തതിനാലും, കുടിവെള്ള വിതരണം തടസപ്പെടാതിരിക്കാൻ വേണ്ടിയാണ് തനതുഫണ്ടിൽ നിന്നും തുക നൽകിയതെന്നും അധിക തുക ലഭ്യമാക്കുന്നതിന് സർക്കാറിനോട് ആവശ്യപ്പെട്ടിരുന്നു എന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 ശമ്പള പരിഷ്ക്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം ജി.ഒ. (പി)7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 3 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും 4ാ ഗഡു ജീവനക്കാർക്ക് പണമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 3ാം ഗഡു ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 4-ാം ഗഡു ശമ്പള കുടിശ്ശിക പണമായി വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗഡു | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 3 | 21800114/02.5.18 | 215192 |
| 3 | 21800115/02.5.18 | 34153 |
| | ആകെ | 249345 |
| 4 | 21800787/5.10.18 | 230058 |
| 4 | 21800788//5.10.18 | 13800 |
| 4 | 21800789/5.10.18 | 25296 |
| | ആകെ | 269154 |

മേൽ ഉത്തരവ് ഖണ്ഡിക 48 (1) പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ശമ്പള കുടിശ്ശിക 1, 2,3 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 4-ാം ഗഡു ജീവനക്കാർക്ക് പണമായി അനുവദിച്ചു നൽകി എങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

ശമ്പള കുടിശ്ശിക നൽകിയ ഇനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കേണ്ടിയിരുന്നിട്ടും, ഇതിന് 2017-18, 2018-19 ബജറ്റിൽ വകയിരുത്തുകയോ, അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/21.07.2020) തുക അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 എസ്.സി.വൃദ്ധർക്ക് മെഡിക്കൽ ക്യാമ്പ്, മരുന്ന് വിതരണം - സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 92/19 പ്രകാരം 2018-19-ൽ നടപ്പാക്കിയ എസ്.സി.വൃദ്ധർക്ക് മെഡിക്കൽ ക്യാമ്പ്, മരുന്ന് വിതരണം എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും (എസ്.സി.പി) 7,00,000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 6/23.10.2018 പ്രകാരം 6,60,000 രൂപയും ട്രഷറി ബിൽ നമ്പർ 7/15.3.2019 പ്രകാരം 11,285/- രൂപയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും ആയുർവ്വേദ മരുന്നുകൾ വാങ്ങുന്നതിന് 660000 രൂപയും ക്യാമ്പിൽ പങ്കെടുത്തവർക്ക് ചായ, ലഘുഭക്ഷണം, ഊണ്, ഫ്ളക്സ് പ്രിന്റിങ്ങ് തുടങ്ങിയവയ്ക്കായി 11285 രൂപയും ചെലവഴിച്ചു. പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2018-19 സാമ്പത്തിക വർഷം നിലവിലുള്ള സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നമ്പർ 22/2018/തസ്വഭവ. തീയതി 14.02.2018 ഖണ്ഡിക 8.4 പ്രകാരം വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ മെഡിക്കൽ ക്യാമ്പുകളും ക്യാൻസർ, കിഡ്നി രോഗങ്ങൾ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനു വേണ്ടിയുള്ള ആരോഗ്യ കാമ്പുകളും ഒഴികെയുള്ള ക്യാമ്പുകൾ നടത്താൻ അനുവാദമില്ല.

2. മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.3 പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിന് വേണ്ടി തുക ചെലവഴിക്കാനോ പാടില്ല. ഇവിടെ ആരോഗ്യസ്ഥാപനത്തിന് ലഭ്യമാക്കുന്നതിനു വേണ്ടിയല്ല, പട്ടികജാതിയിൽപ്പെട്ട വൃദ്ധർക്ക് ക്യാമ്പിൽ വെച്ച് വിതരണം ചെയ്യുന്നതിനു വേണ്ടിയാണ് മരുന്ന് വാങ്ങിയത്.

3. ഖണ്ഡിക 7.5.3.(4) പ്രകാരം വൃദ്ധർക്ക് മരുന്ന് കിറ്റ് അനുവദനീയമല്ല.

